ജോർജ്ജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 13 | ലക്കം 3 | ഓഗസ്റ്റ് 2009 | പേജ് 4

ജോർജ്ജിയന്റെ ആശംസകൾ

കുഴിമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി വികാരിയായി ചുമതലയേറ്റ ഫാ. എ. വി. വർഗീസ് ആറ്റുപുറം

ഏവർക്കും ജോർജ്ജിയന്റെ ഓണാശംസകൾ

അരങ്ങൊഴിഞ്ഞ പ്രതിഭകൾ

സ്നേഹത്തിന്റെ അവധൂതൻ

"വിശുദ്ധിയെന്നത് ഒരു നിശ്ചലഭാവമോ? ലോകത്തിന്റെ വളപ്പിൽ നിന്നുള്ള ഒളിച്ചോട്ടമോ? രണ്ടുമല്ല. അത് ഒരു ഇറങ്ങിവരവാണ്. സന്ന്യാസി മലമുകളിൽ നിന്നു പടവുകൾ ഇറങ്ങി, നെഞ്ചുരുക്കങ്ങളിലേക്ക്, നൊമ്പരക്കാഴ്ചകളിലേക്ക്, പിന്നെ ജീവിതാനുഭവങ്ങളുടെ വൈവിധ്യങ്ങളിലേക്ക്, തണലായും തലോടലായും താളമായും ഇറങ്ങിയെത്തുമ്പോൾ വിശുദ്ധിക്ക് ഉൺമയാക്കും" - ഖലീൽ ജിബ്രാൻ.

വന്ദ്യ ജോസഫ് റമ്പാൻ. സുകൃതജീവിതമായി നമ്മോടൊപ്പമുള്ള സ്നേഹത്തിന്റെ അവധൂതൻ. മനുഷ്യനതീതമായി നിയമങ്ങളില്ല, ആചാരങ്ങളില്ല എന്നു പഠിപ്പിച്ച ശ്രേഷ്ഠഗുരു. യൂഹാനോൻ മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്നും ലഭിച്ച ആത്മീയ പാഠങ്ങളും അനുഗ്രഹങ്ങളും നിരന്തര പ്രാർത്ഥനയുടേയും ധ്യാനത്തിന്റേയും ഉലയിലൂതി തീവ്രമായ ജീവിതാനുഭവങ്ങളാൽ നിറം പിടിപ്പിച്ച് ഉത്തമ ദർശനത്തോട് ഇഴപിരിച്ച് ചേർത്ത ആത്മീയ മാതൃകയാണ് ഈ സുകൃത ജീവിതം. സുകൃതം എന്നാൽ നല്ല കൃതി എന്നാണർത്ഥം. ഓരോ ക്രിസ്ത്യാനിയും വായിച്ചിരിക്കേണ്ട ഒരു കൃതിയാണ് ജോസഫ് റമ്പാന്റെ ജീവിതം. കണ്ണ് തുറന്നിരുന്ന് വായിക്കേണ്ട ഒരു കൃതിയല്ല, കണ്ണടച്ചിരുന്ന് വായിക്കേണ്ട ഒരു കൃതിയാണിത്. കണ്ണ് തുറന്നാൽ കാഴ്ച. കണ്ണടച്ചാൽ ദർശനം. സുകൃത ജീവിതങ്ങൾക്ക് തലമുറകൾക്ക് ദർശനങ്ങൾ നൽകുവാൻ സാധിക്കും. കണ്ണടച്ചിരുന്ന് വായിച്ചുകൊൾക. തളം കെട്ടി നിൽക്കുന്ന ഈ സ്നേഹത്തിന്റെ കഥ.

മഴയിൽ കുളിച്ച മരങ്ങളെ കണ്ടുവോ മറവിയിൽ പോയ എന്റെ ബാല്യം. മഴയിൽ തളിർത്ത മരങ്ങളെ കണ്ടുവോ മറവിയിലായയെന്റെ ഗ്രാമം. ഒരു കൊമ്പിലുണ്ടാവാം ഞങ്ങൾ പിടിച്ച വിരലടയാളങ്ങളിന്നും....

ഞാൻ 1935 ആഗസ്റ്റ് 15-ന് വാകത്താനത്ത് ജനിച്ചു. കൈക്കുഞ്ഞായിരുന്നപ്പോൾ എന്നെ കാണാൻ നല്ല സുന്ദരനായിരുന്നു. എന്നാൽ 6-ാം മാസത്തിൽ കഠിനമായ രോഗം വന്നു. കണ്ണും വയറും തള്ളി നടക്കുവാൻ പോലും ആവാത്ത അവസ്ഥ. അമ്മ ഒരു കപ്പത്തണ്ട് വെട്ടി കൈയിൽ തന്നു. 4-ാം വയസ്സുവരെ കപ്പത്തണ്ടിൽ ഊന്നി നടന്നു. 8-ാം വയസ്സിൽ വള്ളിക്കാട് ദയറായിൽ എന്നെ നിലത്തെഴുത്തിനിരുത്തി. കർഷക കുടുംബമായിരുന്നു ഞങ്ങളുടേത്. രണ്ട് സഹോദരങ്ങൾ. മൂത്ത ജേഷ്ഠനും ഒരു അനുജത്തിയും. ഒന്ന്

(ശേഷം മൂന്നാം പേജിൽ)



വന്ദ്യ ജോസഫ് റമ്പാനെ ഇടവക ആദരിച്ചു

കുഴിമറ്റം: റമ്പാനായി അഭിഷിക്തനായ ബഥനി ആശ്രമാംഗവും കുഴിമറ്റം പള്ളിയുടെ പ്രിയപ്പെട്ടവനുമായ വന്ദ്യ ജോസഫ് റമ്പാനെ ഇടവക ആദരിച്ചു. ഫാ. എ. വി. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഇടവകയുടെ ഉപഹാരം ട്രസ്റ്റി കെ. ജെ. സ്കറിയായും സെക്രട്ടറി ബിജി പി. ഏബ്രഹാമും ചേർന്ന് റമ്പാന് സമർപ്പിച്ചു.

ആത്മീയ സംഘടനാ ഭാരവാഹികളായ റ്റി. വി. കുര്യൻ, സോജി കെ. സ്കറിയ, അരുൺ മർക്കോസ്, വൽസമ്മ ബാബു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും റമ്പാന് ഉപഹാരം നൽകുകയും ചെയ്തു.

എസ്. എസ്. എൽ. സി., പ്ലസ് ടു, നിറക്കൂട്ട് ചിത്രരചനാ മത്സര വിജയികൾക്കുള്ള അവാർഡുകൾ ജോസഫ് റമ്പാൻ വിതരണം ചെയ്തു. ജോയി കുര്യൻ നന്ദി പ്രകാശിപ്പിച്ചു. **- ജോർജിയൻ ടീം**



ഇടവക നൽകിയ സ്വീകരണത്തിന് വന്ദ്യ ജോസഫ് റമ്പാൻ മറുപടി പറയുന്നു

രാജ് ഫിലിപ്പ് ഭദ്രാസന ട്രഷറർ രഞ്ജു കെ. മാത്യു കേന്ദ്രകമ്മറ്റിയംഗം



കോട്ടയം: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന ട്രഷറർ ആയി കുഴിമറ്റം സെന്റ് ജോർജ് പള്ളി ഇടവകാംഗമായ മുതലകേരിൽ രാജ് ഫിലിപ്പിനെയും, കേന്ദ്ര കമ്മറ്റിയംഗമായി കരോട്ടുപുത്തൻപുരയ്ക്കൽ രഞ്ജു കെ. മാത്യുവിനെയും തെരഞ്ഞെടുത്തു.

യൂണിറ്റ് സെക്രട്ടറി, ഡിസ്ട്രിക്റ്റ് ഓർഗനൈസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള രാജ് ഫിലിപ്പ് ഭദ്രാസന കമ്മറ്റി അംഗമായി പ്രവർത്തിച്ചുവരികെയാണ് ട്രഷറർ ആയി തെരഞ്ഞെടുക്കപ്പെട്ടത്. യൂണിറ്റ് സെക്രട്ടറി, ഡിസ്ട്രിക്റ്റ് ഓർഗനൈസർ, ഭദ്രാസന ജോ. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള രഞ്ജു കെ. മാത്യു കേന്ദ്ര ഓഡിറ്ററായി പ്രവർത്തിച്ചുവരികയായിരുന്നു. ഇരുവരെയും ഫാ. എ. വി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അനുമോദിച്ചു.

രുചികരമായ ഇറ്റാലിയൻ വിഭവങ്ങൾക്ക്...

ജോർജിയൻ

ഓഗസ്റ്റ് 2009

പുസ്തകം 13 ലക്കം 3

എഡിറ്റോറിയൽ

ജോർജിയൻ ഇനി എല്ലാ മാസവും

പതിമൂന്ന് വർഷങ്ങൾക്ക് മുമ്പ് യുവ ജനപ്രസ്ഥാന യോഗത്തിൽ രൂപംകൊണ്ട ആശയമാണ് 'ജോർജിയൻ.' ഇരുപത്തിയഞ്ച് ലക്കങ്ങളിലധികം കൈയെഴുത്തു മാസികയായി പുറത്തിറങ്ങിയ ജോർജിയന്റെ താളുകളിൽ പിന്നീട് അച്ചടിമഷി പുരണ്ടു. ജോർജിയൻ പ്രിന്റ് ചെയ്ത് പുറത്തിറക്കുവാൻ തുടങ്ങിയപ്പോൾ സഭയിലെ വിവിധ തലങ്ങളിലുള്ള ആളുകളുടെ കൈകളിൽ എത്തിക്കുവാൻ കഴിഞ്ഞു. ഇടവകപത്രിക എന്നതിലുപരി ഈടുറ്റ ലേഖനങ്ങൾക്കൊണ്ടും ശ്രദ്ധേയമായ ഉള്ളടക്കം കൊണ്ടും ആകർഷകമായ ലേഔട്ടും കൊണ്ടും ജോർജിയൻ വളരെപ്പെട്ടെന്ന് തന്നെ ഏവർക്കും പ്രിയപ്പെട്ടതായി. ജോർജിയന്റെ ചുവടു പിടിച്ച് നിരവധി പ്രസിദ്ധീകരണങ്ങൾ.... അപ്പോഴും ജോർജിയൻ മികച്ച പത്രമായി നിലനിന്നു. ജോർജിയന്റെ വെബ് എഡിഷൻ ലോകമെങ്ങും ജോർജിയന് വായനക്കാരെ സൃഷ്ടിച്ചു. വർഷത്തിൽ നാല് ലക്കം മാത്രം പുറത്തിറങ്ങുന്ന ജോർജിയൻ ഇനി വെബ് ലോകത്ത് 12 മാസവും പുറത്തിറങ്ങും. പ്രിയ വായനക്കാരേ, കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ നൽകിയ സഹകരണം തുടർന്നും ഉണ്ടാകണമേ.

കുഴിമറ്റം ദേശക്കാരുടെ പ്രിയപ്പെട്ട ജോസഫ് റമ്പാച്ചന് പ്രത്യേകം അനുമോദനങ്ങൾ അറിയിക്കട്ടെ. പ്രാർത്ഥനയിലൂടെയും കർമ്മത്തിലൂടെയും ആത്മീയ അനുഭവങ്ങളിലൂടെയും വളർന്ന ആ സൂര്യതേജസ് ഇനി നാടിന് വെളിച്ചമേകും.

വീണ്ടും ഓണം. നന്മയുടെയും സമൃദ്ധിയുടെയും നാളുകൾ. വിലക്കയറ്റം സൃഷ്ടിക്കുന്ന വേദനകൾക്കിടയിലും ആമോദത്തോടെ നമുക്ക് ഓണം ആഘോഷിക്കാം.

ഓണാശംസകളോടെ,

നിങ്ങളുടെ

രഞ്ജു കെ. മാത്യു
എഡിറ്റർ

ജോർജിയൻ

രക്ഷാധികാരി

ഫാ. എ. വി. വർഗീസ് ആറ്റുപുറം

എഡിറ്റർ

രഞ്ജു കെ. മാത്യു

കരോട്ടുപുത്തൻ പുരയ്ക്കൽ

എഡിറ്റോറിയൽ ബോർഡ്

രാജ് ഫിലിപ്പ് മുതലകേരിൽ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

സജിൻ പി. സാജൻ പട്ടശ്ശേരിൽ

ഒരു നിമിഷം

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ

ജോർജിയൻ

സെന്റ് ജോർജ്

ഓർത്തഡോക്സ് ചർച്ച്

കുഴിമറ്റം പി. ഒ.

കോട്ടയം പിൻ: 686 533

ലേഖനം

ചാട്ടമോ? ചാഞ്ചാട്ടമോ?

ഫാ. എ. വി. വർഗീസ്
ആറ്റുപുറം (വികാരി)

എന്റെ വൈദീക ശുശ്രൂഷയുടെ ഒരു കാലയളവിൽ ഒരു പള്ളിയിൽ ആദ്യം ചെന്നപ്പോൾ കൂടിയ ആദ്യ കമ്മറ്റി യോഗത്തിൽ "ഈ ഇടവകയിൽ നിന്ന് ഇതര സഭാ വിഭാഗങ്ങളിലേക്ക് നമ്മുടെ സഭാ വിശ്വാസമുപേക്ഷിച്ച് പോയ വർക്കെതിരെ അച്ചൻ ശക്തമായ നടപടിയെടുത്ത് അവരെ നീക്കം ചെയ്യണം" എന്ന് ഒരാൾ ആവശ്യപ്പെട്ടു. കാലക്രമത്തിൽ 3 വർഷത്തിനുശേഷം ആ വ്യക്തി തന്നെ മറ്റൊരു വിശ്വാസത്തിൽ പോയതിന്റെ പേരിൽ പള്ളിയിൽ നിന്നും നീക്കം ചെയ്യേണ്ട സാഹചര്യത്തിലെത്തിച്ചേർന്നു.

എന്താണ് നമ്മുടെ സഭയിൽ നിന്നും ഇതര വിഭാഗങ്ങളിലേക്ക് ഇത്രമാത്രം ആളുകൾ വിട്ടു പോകുവാൻ കാരണം? നമ്മുടെ സഭയിലെ എന്തു കുറവാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്? മറ്റെന്തു നേട്ടമാണ് അവിടെച്ചെന്നാൽ ലഭിക്കുന്നത്? എവിടെയാണ് നമുക്ക് പറ്റുന്ന വീഴ്ചകൾ? തുടങ്ങിയവ നമുക്ക് വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

കഴിഞ്ഞ 15 വർഷങ്ങൾക്കിടയിൽ കോട്ടയം ഭദ്രാസനത്തിലെ മാത്രം കണക്കെടുത്താൽ ഓരോ ഇടവകയിൽ നിന്നും കുറഞ്ഞത് (ശരാശരി) 10 കുടുംബങ്ങൾ ഇതര മത വിഭാഗങ്ങളിലേക്ക് അംഗങ്ങളായോ കുടുംബങ്ങളായോ മാറിപ്പോയിട്ടുണ്ടെന്ന് കാണുവാൻ സാധിക്കും. ഇതിനെക്കുറിച്ച് സഭാ നേതൃത്വവും, വൈദീകരും, ഇടവക മാനേജിംഗ് കമ്മറ്റിയും കൂലംകഷമായി ചിന്തിക്കേണ്ടതുണ്ട്.

കാരണങ്ങൾ: ഇതര സഭാ വിശ്വാസങ്ങളിലേക്ക് പോകുന്നവർക്ക് അവരുടേതായ കാരണങ്ങൾ നിരത്തുവാനുണ്ടാകും. രോഗാവസ്ഥയിൽ വൈദികർ വന്ന് പ്രാർത്ഥിച്ചില്ല. ഇടവക്കാർ അന്വേഷിച്ചില്ല. ഇതര സഭാ നേതാവും അംഗങ്ങളും വന്ന് ഉപവസിച്ച് പ്രാർത്ഥിച്ചു സാമ്പത്തീക സഹായം നൽകി. തന്റെ സാമ്പത്തീക പ്രതിസന്ധിയിൽ ലക്ഷങ്ങൾ നൽകി സഹായിച്ചു. പള്ളിക്കാർ തിരിഞ്ഞു നോക്കിയില്ല. പള്ളിയിലെപ്പോഴും പിരിവാണ്. പള്ളിയിലെ നിയമങ്ങളും തീരുമാനങ്ങളും എനിക്കു അനുസരിക്കുവാൻ നിർവ്വാഹമില്ല. പള്ളിയിൽ മുഴുവൻ അഴിമതിയാണ്. പക്ഷപാതപരമായ പെരുമാറ്റമാണ്. യഥാർത്ഥ ആത്മീയത പള്ളിയിലില്ല. കുടുംബങ്ങളുടെ തേർവാഴ്ചയാണ് പള്ളിയിൽ. പണച്ചാക്കുകളുടെ വാക്കിന് മാത്രമേ വിലയുള്ളു. ആത്മാവിലും സത്യത്തിലുമുള്ള ആരാധനയില്ല. വേദപുസ്തകം പഠിക്കുന്നില്ല, പഠിപ്പിക്കുന്നുമില്ല. പാരമ്പര്യങ്ങളെ മാത്രം മുറുകെ പിടിക്കുന്നു. കൂട്ടായ പ്രവർത്തനമില്ല. പള്ളിയിൽ ഗ്രൂപ്പുതർക്കവും രാഷ്ട്രീയ വഴക്കും തുടർന്നുകൊണ്ടേയിരിക്കുന്നു. ഇങ്ങനെ ഒരു നീണ്ട പട്ടിക ഇവർ സമർത്ഥിച്ച് സമർപ്പിക്കും.

മറുപടി: ദൈവത്തിൽ അധിഷ്ഠിതമായ ത്രിത്വവിശ്വാസത്തിൽ ഊന്നിയ പ. പിതാക്കന്മാർ കൈമുതലാക്കിയതും പഠിപ്പിച്ചുതന്നതുമായ "ഓർത്തോ ദുക്സോ" വിശ്വാസം കറതീർന്ന കനിയാണ്. അതിലധിഷ്ഠിതമാണ് നമ്മുടെ എല്ലാ കൂദാശകളും. ആരാധനകളും പാരമ്പര്യങ്ങളും ഇവയിൽ ഭൂരിപക്ഷവും വേദപുസ്തക അധിഷ്ഠിതവുമാണ് (ഇവയെക്കുറിച്ചെഴുതുവാൻ മറ്റൊരു ലേഖനം അനിവാര്യമാണ്). 200 കുടുംബങ്ങൾക്കു മേലുള്ള ഇടവകകളിൽ രണ്ടോ മൂന്നോ വൈദികർ ഉണ്ടെങ്കിൽപ്പോലും എല്ലായ്പ്പോഴും അച്ചന് ഒരുപോലെ എല്ലാവരെയും ശ്രദ്ധിക്കുവാൻ കഴിയില്ല. മാത്രമല്ല ഇന്ന് സാഹചര്യങ്ങൾ കൂടുതൽ രഹസ്യാത്മകമാകുമ്പോൾ ഒരു വൈദികനോട് ജീവിതപ്രശ്നങ്ങൾ Share ചെയ്യുന്നവരുടെയെണ്ണം ചുരുക്കമത്രേ. ഇടവകയിലെ അഴിമതിയോ, ധൂർത്തോ, പക്ഷപാതപരമായ പ്രവർത്തനമോ ചൂണ്ടിക്കാണിക്കുവാൻ ഇടവകാംഗങ്ങൾക്ക് അവകാശമുണ്ട്. പള്ളിയും പരിസരവും ആത്മീയത വിളിച്ചോതുന്ന സ്ഥലങ്ങളാണ്. അതിൽ ആരാധിക്കുന്ന ജനസമൂഹത്തിന്റെ ഹൃദയവും അപ്രകാരം തന്നെ ആയിരിക്കണം. അല്ലാതെ പരസ്പരം പടവെട്ടുവാനോ ചെറുതാക്കി കാണിക്കുവാനോ പ്രമാണിത്തം കാണിക്കുവാനോ ഉള്ള വേദിയല്ല. വേദപുസ്തകം പഠിക്കുന്നവരും, വി. കുർബ്ബാന അനുഭവിക്കുന്നവരും നോമ്പ്, ഉപവാസം, ദാനധർമ്മങ്ങൾ ഇവ അനുഷ്ഠിക്കുന്നവരും ആയിരിക്കണം അംഗങ്ങൾ. തുടർച്ചയായി പള്ളി ആരാധനയിൽ സംബന്ധിക്കുന്നവരും രാവിലെയും വൈകിട്ടുമെങ്കിലും കുടുംബമായി പ്രാർത്ഥിക്കുന്നവരും ആയിരിക്കണം. കുടുംബവാഴ്ചയ്ക്കോ, ഗ്രൂപ്പുതർക്കത്തിനോ, രാഷ്ട്രീയ ചേരിപ്പോരിനോ സഭയെ വേദിയാക്കരുത്. അന്യോന്യം സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യുവാനുള്ള മനസ്സുണ്ടാകുമെങ്കിൽ നമ്മുടെ ഇടവകകൾ 'സ്വർഗ്ഗരാജ്യം' ആകുമായിരുന്നു.

അവനവന്റെ രോഗസൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിന് പകരം എല്ലാവരുടേയും രോഗസൗഖ്യത്തിനുവേണ്ടി ആയിരിക്കണം പ്രാർത്ഥിക്കേണ്ടത്. രോഗത്തിൽ നിന്നുള്ള വിടുതലിനേക്കാൾ രോഗാവസ്ഥയിൽ അനുഭവിക്കുന്ന ദൈവകൃപയ്ക്കാണ് പ്രാധാന്യം. "എന്റെ കൃപ നിനക്കുമതി" (2 കൊരി. 12:9) എന്ന വാഗ്ദാനം അവർക്ക് സംതൃപ്തിയും സമാധാനവും നൽകുന്നു. മാങ്ങാനം ക്രൈസ്തവാശ്രമം അംഗമായിരുന്ന പി. റ്റി. തോമസച്ചൻ ക്യാൻസർ ബാധിച്ച് കിടക്കുമ്പോൾ പോട്ടയിൽ പോയി പ്രാർത്ഥിക്കുവാൻ ചിലർ പ്രേരിപ്പിച്ചു. അദ്ദേഹം ഇങ്ങനെ പ്രതിവചിച്ചു. "എന്റെ ദൈവം പോട്ടയിലും ഇവിടെയും ഉള്ളയാളാണ്. എനിക്കു രോഗം സൗഖ്യമാകണമെന്നതിനേക്കാൾ കൂടുതൽ ഇഷ്ടം ദൈവേഷ്ടം നിറവേറണമെന്നാണ്. അതുകൊണ്ട് ഞാൻ പോട്ടയ്ക്കു പോകുന്നില്ല." യഥാർത്ഥ ആത്മീയത രുചിച്ചറിഞ്ഞവർക്കേ ഇങ്ങനെ മറുപടി പറയുവാൻ കഴിയുകയുള്ളൂ. അവരുടെ ദൈവം നല്ലവരാകയാൽ "സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു." (റോമർ 8:25) പരിശുദ്ധനായ പൗലോസ് ശ്ലീഹായേപ്പോലെ ആദ്ധ്യാത്മീകത ലഭിച്ചവർ ആവശ്യമായ ചികിത്സകളും മറ്റും ചെയ്യുകയല്ലാതെ അതിശയം നടക്കിന്നിടത്തേക്ക് ഓടിപ്പോവുകയല്ല. അങ്ങിനെയുള്ള 'കൾട്ടിക്' സെന്ററുകളിൽ യാഥാർത്ഥ ആത്മീയതയല്ല മറിച്ച് മുതലാളിത്തത്തിന്റെ ആദായമാർഗ്ഗമായ പരസ്യപ്രചരണമുപയോഗിച്ചുള്ള പണം വാരിക്കൂട്ടലാണ് നടക്കുന്നതെന്ന് വായിക്കുന്നവർ ചിന്തിച്ചുകൊള്ളട്ടെ. ◆

അനുമോദനങ്ങൾ

എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷയിൽ 276-ാം റാങ്ക് നേടിയ മാമ്മൂട്ടിൽ സുധിന ഏബ്രഹാം

"ക്ഷമിയ്ക്കുക, ഏഴ് എഴുപതുവട്ടം"

ഗ്രേസ് ബാബു എം. എ. പട്ടശ്ശേരിൽ വാഴച്ചിറ

ജീവിത വിജയത്തിന് ആവശ്യമായിരിക്കുന്ന ഉത്കൃഷ്ടഗുണമാണ് ക്ഷമ. ആകയാൽ നമുക്ക് നമ്മെത്തന്നെ ശോധന ചെയ്തുനോക്കാം. നമുക്ക് ആരോടെങ്കിലും ക്ഷമിക്കുവാനുള്ളതായിട്ടുണ്ടോ? വി. വേദപുസ്തകം പറയുന്നു. "ക്ഷമിക്കുക സകലവും ക്ഷമിക്കുക." വി. മത്തായി 18: 21 – ൽ സഹോദരനോട് എത്രവട്ടം ക്ഷമിക്കണമെന്ന് കർത്താവ് പഠിപ്പിക്കുന്നു. "ഏഴ്, എഴുപതുവട്ടം." ക്ഷമയ്ക്ക് അതിരുകളില്ല. ദൈവസന്നിധിയിൽ നിന്നും ക്ഷമ പ്രാപിക്കുവാനുള്ള ഏകമാർഗ്ഗം നാം മറ്റുള്ളവരോട് ക്ഷമിക്കുക എന്നുള്ളതു മാത്രമാണ്. "നിങ്ങൾ ഓരോരുത്തർ ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും." ദൈവത്തിൽ നിന്നും പാപക്ഷമ ആവശ്യമുള്ളവരെല്ലാം മറ്റുള്ളവരോട് ക്ഷമിക്കുവാൻ സന്നദ്ധരാകണം. കർത്തൃപ്രാർത്ഥനയിൽ നാം ഏറ്റു ചൊല്ലുന്നു "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കണമെ."

ശത്രുവിനെതിരെയുള്ള ശക്തമായ പോരാട്ടമത്രെ ക്ഷമ. ക്ഷമിക്കുവാൻ സാധ്യമല്ലാത്ത വിധം കർത്താവിനെ അവർ ക്രൂശിച്ചു. കാർക്കിച്ചുതുപ്പി, രോമങ്ങൾ പിഴുതെടുത്തു, തലയിൽ മുൾക്കിരീടം വെച്ചു. കോലുകൊണ്ടടിച്ചു, പരിഹസിച്ചു, ശാപവാക്കുകൾ ഉച്ചരിച്ചു, യാതൊരു ദയയുമില്ലാതെ അവനെ പ്രഹരിച്ചു. അതിവേദനയിൽ അവൻ ആയിരിക്കുമ്പോഴും അവനിൽ നിന്നുയർന്നുവന്ന പ്രാർത്ഥന "പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ"യെന്നുള്ളതായിരുന്നു. ശത്രുവിനെ തോല്പിച്ച് കുരിശിന്മേൽ ജയമെടുത്ത് മനുഷ്യരാശിയുടെ രക്ഷ സാധ്യമാക്കി തെറ്റു ചെയ്തവരോട് മനഃപൂർവ്വം ക്ഷമിച്ച യേശുദേവൻ നമ്മുടെ മാതൃകയല്ലോ. ക്ഷമിക്കുവാൻ വിഷമമുള്ള കാര്യം ദൈവകൃപയിൽ ആശ്രയിച്ച് പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മശക്തി തമ്മിൽ വ്യാപരിക്കുകയും ഹൃദയപൂർവ്വം ക്ഷമിക്കുവാനുള്ള കൃപ ലഭിക്കുകയും ചെയ്യുന്നു.

> **പക ഹൃദയത്തിൽ വളരുന്നത് അപകടകരമാണ്. അത് നമ്മിലേക്കു തന്നെ ഒഴുകിയിറങ്ങി പലവിധരോഗങ്ങളായി ശരീരത്തിൽ വ്യാപരിക്കും. ആകയാൽ നമുക്കു തന്നെ നാം വിപത്ത് വിളിച്ചുവരുത്തുകയാണെന്ന സത്യം മറക്കരുത്.**

പക ഹൃദയത്തിൽ വളരുന്നത് അപകടകരമാണ്. അത് നമ്മിലേക്കു തന്നെ ഒഴുകിയിറങ്ങി പലവിധരോഗങ്ങളായി ശരീരത്തിൽ വ്യാപരിക്കും. ആകയാൽ നമുക്കു തന്നെ നാം വിപത്ത് വിളിച്ചുവരുത്തുകയാണെന്ന സത്യം മറക്കരുത്. ഹൃദയത്തിൽ പകയും പിണക്കവും നിറഞ്ഞുകവിഞ്ഞാൽ നിങ്ങൾ നിങ്ങളോടു തന്നെയൊ കുട്ടികളോടോ മാതാപിതാക്കളോടോ മറ്റു കുടുംബാംഗങ്ങളോടോ എങ്ങിനെ പെരുമാറണമെന്നറിയാതെ ജീവിതത്തിന്റെ സന്തുലനാവസ്ഥയെ താളം തെറ്റിക്കുന്നവരായിത്തീരും. ക്ഷമയില്ലായ്മ അധികം അനർത്ഥം വരുത്തും. കുടുംബ ബന്ധങ്ങൾ ശിഥിലമാകും. വ്യക്തി ബന്ധങ്ങൾ ഉലയും. നിത്യജീവൻ നഷ്ടമാവുകയും ചെയ്യും. ക്ഷമിക്കുമ്പോൾ ആന്തരീകമായ സൗഖ്യം മാത്രമല്ല ശാരീരിക സൗഖ്യവും ലഭിക്കുന്നു. ആകയാൽ മറ്റുള്ളവരോട് ക്ഷമിക്കുന്നത് അവർക്കുവേണ്ടിയല്ല നമ്മുടെ നന്മയ്ക്കായിട്ടെന്ന് നാം തിരിച്ചറിയുക. നമുക്ക് ക്ഷമിക്കുവാനുള്ളത് ആരോടുമായിക്കൊള്ളട്ടെ, അത് സ്വന്തം കൂടപ്പിറപ്പുകളാകാം, അയൽവാസികളാകും, ബന്ധുമിത്രാദികളാകാം – ഇത് അവർ "അറിയാതെ ചെയ്തത്, അറിയാതെ പറഞ്ഞത്, അറിയാതെ പ്രവർത്തിച്ചത്," ഈ മനോഭാവത്തോടെ ഹൃദയപൂർവ്വം അവരോട് ക്ഷമിക്കുമ്പോൾ ക്രിസ്തീയ ജീവിതത്തിന്റെ ധന്യാവസ്ഥയെ പ്രാപിക്കുവാൻ സാധിക്കും. ◆

ചിത്രവേദി

അലൻ ജെ. ചിറപ്പുറത്ത്

ദൈവത്തിന്റെ അവധൂതൻ

(ഒന്നാം പേജിൽ നിന്നും)

മുതൽ ഏഴാം ഫോറം വരെ പഴഞ്ചിറ സ്ക്കൂളിൽ പഠിച്ചു. പഠനത്തിന് ഏറ്റവും പിന്നിലായിരുന്നു ഞാൻ. ഒരിക്കൽ അദ്ധ്യാപകൻ ക്ലാസ്സിൽ വന്ന് ഒരു വെള്ളക്കായിൽ ഈർക്കിലി കുത്തി നിർത്തിയിട്ടു പറഞ്ഞു. "ഈ ക്ലാസ്സിൽ ഇതുപോലെ രണ്ടു പേരേയുള്ളു. ഒരാൾ ഞാനും പിന്നെ ആ കിടക്കുന്ന ജോസഫും." ശാരീരിക ബുദ്ധിമുട്ടുകൾ പഠനകാലത്ത് എന്നെ വല്ലാതെ തളർത്തി. അന്ന് ഏറ്റവും സന്തോഷം രാജാവിന്റെ ജന്മദിനത്തിലാണ്. റാലിയും വയറുനിറയെ ഭക്ഷണവും ലഭിക്കും. പിന്നീട് പഠനം ജെ.എം.എച്ച്.എസ്. സ്കൂളിൽ ആയി. രോഗവും മൂർഛിച്ചു. ഒരു വർഷവും കൂടി മാത്രമേ ആയുസ്സുള്ളൂ എന്ന് എല്ലാവരും പറഞ്ഞു. പഠനം ഉപേക്ഷിച്ചു. രോഗം മാറുന്നതും കാത്ത് മൂന്ന് വർഷം 8-ാം ക്ലാസ്സിലെ പാഠപുസ്തകം മറ്റാർക്കും നൽകാതെ കാത്തിരുന്നു. പക്ഷേ രോഗം മൂലം തുടർന്ന് പഠിക്കുവാൻ സാധിച്ചില്ല.

'അയാൾ വിലയേറിയ ഒരു മുത്ത് കണ്ടെത്തിയാറെ ചെന്ന് തനിക്കുള്ള തൊക്കെയും വിറ്റ് അത് വാങ്ങി' (വി. മത്താ. 13:46).

സൺഡേസ്ക്കൂൾ പഠനം കഴിഞ്ഞതോടെ അദ്ധ്യാപകനായി ചേർന്നു. അദ്ധ്യാപകർക്ക് ക്ലാസ്സ് നയിക്കുവാൻ എത്തിയ യൂഹാനോൻ അച്ചന്റെ വാക്കുകളിൽ എന്റെ ദൈവവിളി ഞാൻ തിരിച്ചറിഞ്ഞു. എന്റെ അവസ്ഥ വിശദമായി എഴുതി അച്ചന് കത്തയച്ചു. എത്രയും പെട്ടെന്ന് പെരുനാട് ബഥനി ആശ്രമത്തിൽ എത്തുവാൻ മറുപടി വന്നു. അടുത്ത ബന്ധു നൽകിയ പത്ത് രൂപയുമായി സഹോദരിയോട് മാത്രം യാത്ര പറഞ്ഞ് ഞാൻ യാത്ര തിരിച്ചു. മൂഴിയാർ ഫാസ്റ്റിൽ കയറണം എന്ന് കത്തിൽ അറിയിച്ചിരുന്നു. എന്നാൽ ഹോട്ടലിൽ കയറി ദോശ കഴിച്ചുകൊണ്ടിരുന്നപ്പോൾ ഫാസ്റ്റ് കടന്നുപോയി. പല ബസ്സുകളിൽ മാറിക്കയറി പെരുനാടെത്തിയപ്പോൾ നേരം നന്നേ ഇരുട്ടിയിരുന്നു. സിസ്റ്റർ രൂത്ത് convent-ൽ ഉണ്ടായിരുന്നു. സിസ്റ്റർ എന്നെ കയറ്റിവിട്ടില്ല. മുറ്റത്ത് കിടന്ന് ഞാൻ ഉറങ്ങും എന്ന് കണ്ടപ്പോൾ സിസ്റ്റർ ആശ്രമത്തിലേക്ക് വിളിച്ചു. എന്നെ കയറ്റിവിടുവാൻ അവർ പറഞ്ഞു. അവിടെ വളരെ നല്ല ഒരു കിടക്ക ആശ്രമത്തിലെ ഒരു അന്തേവാസി എനിക്കു നൽകി. ആ കിടക്ക അടുത്ത ദിവസം ആശുപത്രി ഉദ്ഘാടനം ചെയ്യുവാൻ അവിടെ എത്തുന്ന ഒരു ഡോക്ടർക്ക് ക്രമീകരിച്ചിരുന്നതാണ്. അദ്ദേഹം വന്നപ്പോൾ എന്നെ അവിടെ നിന്നും മാറ്റി. അന്ന് ഓലമേഞ്ഞ് ചാണകം മെഴുകിയ ഒരു ആശ്രമമായിരുന്നു അത്. ആ നിലത്ത് കിടന്ന് എന്റെ സന്ന്യാസ ജീവിതം ആരംഭിച്ചു. ഏദൻതോട്ടത്തിൽ ചെന്ന അനുഭവമായിരുന്നു അത്. അന്ന് രാത്രി വീട്ടിൽ സഹോദരിക്കിട്ട് അടി കിട്ടിയപ്പോൾ എല്ലാം തുറന്നു പറഞ്ഞു. പിറ്റേ ദിവസം എന്നെ മടക്കിക്കൊണ്ടു പോകുവാൻ വീട്ടിൽ നിന്നും ആളെത്തി. ഞാൻ മടങ്ങിയില്ല.

സഹനത്തെ സ്നാനമായി വെളിപ്പെടുകിട്ടുമ്പോൾ കുറേയധികം പൊള്ളുന്ന സമസ്യകളുടെ താക്കോലുകൾ ലഭിക്കും (ബോബി ജോസ് കട്ടിക്കാട്)

അന്ന് പെരുനാട്ടിൽ തോമസച്ചനും ഏബ്രഹാം അച്ചനും വർഗ്ഗീസ് അച്ചനും ഉണ്ടായിരുന്നു. പക്കോമിയോസ് തിരുമേനിയും മറ്റുള്ളവരും പിന്നീടാണ് അംഗങ്ങളാവുന്നത്. ബഥനിയിലെ ഏറ്റവും വലിയ ബാച്ച് അന്നത്തേതായിരുന്നു. ബഥനിയിലെ ചിട്ടകൾ വളരെ കഠിനവും. 1968 നവം. 3-ന് ഔദ്യോഗികമായി ആശ്രമവാസിയായി. 1972-ൽ കാവി, അരക്കെട്ട്, കുരിശ് എന്നിവ സ്വീകരിച്ചു. 72 മുതൽ 75 വരെ കുന്നംകുളം സ്കൂളിന്റെ ചുമതല ലഭിച്ചു. 1975-ൽ സുപ്പീരിയർ യൂഹാനോൻ അച്ചൻ എനിക്ക് ഒരു കത്ത് അയച്ചു. ആഗസ്റ്റിൽ പൂർണ്ണ ശെമ്മാശൻ ആക്കുന്നു എന്ന്. എനിക്ക് ബോധം നഷ്ടപ്പെട്ടു. ബലഹീനനായ എനിക്ക് അതിനുള്ള യോഗ്യത ഇല്ല എന്ന ബോധ്യം എന്നെ സങ്കടപ്പെടുത്തി. എങ്കിലും ദൈവനിയോഗം എന്ന പോലെ നരിമറ്റത്തിൽ സേവേറിയോസ് തിരുമേനിയിൽ നിന്നും പട്ടം ഏറ്റു. 76-ൽ വട്ടക്കുന്നേൽ ബാവാ തിരുമേനി വൈദികപട്ടം നൽകി. പാറേട്ട് ഈവാനിയോസ് തിരുമേനി ആദ്യം ബഥനി ചാപ്പലിലല്ലാതെ കുർബ്ബാന നടത്തുവാൻ അനുവാദം നൽകിയില്ല. എങ്കിലും പിന്നീട് 4 പള്ളികളിൽ തവണമാറി കുർബ്ബാന നടത്തുവാൻ അനുവാദം നൽകി. 1978-80 കളിൽ യൂഹാനോൻ മാർ അത്താനാസ്യോസ് തിരുമേനിക്ക് ക്യാൻസർ ബാധിച്ചതോടെ ഞാൻ അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ മുഴുവൻ സമയവും അദ്ദേഹത്തോടൊപ്പം ചിലവിട്ടു. തുടർന്നുള്ള വർഷങ്ങളിൽ ഇടുക്കി ഭദ്രാസനത്തിലെ ഹൈറേഞ്ച് പ്രദേശത്ത് 9 പള്ളികൾ സ്ഥാപിച്ച് വികാരിയായി സേവനം അനുഷ്ഠിച്ചു. തണുപ്പിന്റെ കാഠിന്യം കൂടുതലായിരുന്നെങ്കിലും ദൈവഹിതത്താൽ പഴയ രോഗം വീണ്ടും തലപൊക്കിയില്ല.

മരുഭൂമിയിൽ കരം തീർത്ത ദൈവകാരുണ്യം എന്റെ മുറ്റത്ത് മഴത്തുള്ളിയായി വന്ന് വീഴും (വഴിത്തിരിവ്)

1987-ൽ കുഴിമറ്റത്ത് എത്തി. അന്ന് ഈ കെട്ടിടങ്ങൾ ഒന്നും ബഥനിക്ക് ഇവിടെ ഇല്ല. കുഴിമറ്റത്തെ ജനങ്ങളുടെ സ്നേഹമാണ് എന്റെ ബലം. അവർ എപ്പോഴും എന്റെ കൂടെയുണ്ട് എന്ന തോന്നലാണ് ബലഹീനനായ എനിക്ക് പ്രചോദനം.

ശിഷ്യന്മാരിൽ വച്ച് യേശു സ്നേഹിച്ച ഒരുവൻ യേശുവിന്റെ മാർവ്വിടത്ത് ചാരിക്കൊണ്ടിരുന്നു. അവൻ യേശുവിന്റെ നെഞ്ചോടു ചാഞ്ഞു (വി. യോഹന്നാൻ 13:23).

ഇതുപോലെയാണ് കുഴിമറ്റത്തെ യുവജനങ്ങളും ജോസഫ് റമ്പാനുമായുള്ള ബന്ധം. ക്രിസ്തുവിന് യോഹന്നാനെപ്പോലെ, യോഹന്നാന് ക്രിസ്തുവിനെപ്പോലെ. യുവജനങ്ങൾക്ക് പ്രയാസങ്ങളും ദുഃഖങ്ങളും ചാരിവയ്ക്കുവാൻ ഒരിടം. മുറുകെ പിടിക്കുവാൻ ഒരു കരം.

ജോസഫ് റമ്പാൻ തുടരുന്നു. അന്ന് കുഴിമറ്റത്ത് ബഥനി ആശ്രമവുമായി ബന്ധപ്പെട്ട് ഒരു കേസ് വന്ന കാര്യം അറിവുള്ളതാണല്ലോ. അതിൽ ബഥനി ആശ്രമത്തിന് യാതൊരു പങ്കും ഇല്ല. എന്നാൽ ചില നാട്ടുകാരൊക്കെ അന്ന് ബഥനി ആശ്രമത്തിന് എതിരായി. അന്ന് പക്കോമിയോസ് തിരുമേനിയുടെ ആശയമാണ് ബഥാനിയൻസ് എന്ന യുവജന സംഘടന. അവർ എന്നെ ഏറെ സ്നേഹിച്ചു. ഏതു കാര്യത്തിനും ഓടിയെത്തും. അവരായിരുന്നു എനിക്ക് എന്നും ബലം. പിന്നീട് കുഴിമറ്റം പള്ളിയിൽ യുവജനപ്രസ്ഥാനം രൂപംകൊണ്ടപ്പോൾ അവരും എന്നോടൊപ്പം കൂടി. അവരോടൊപ്പം ശബരിമലയ്ക്ക് പോകുവാൻ സാധിച്ചത് ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കില്ല.

യേശു അവളോടു സ്ത്രീയേ നീ കരയുന്നത് എന്ത്? (വി. യോഹന്നാൻ 20:15)

അധികമായും സ്നേഹിക്കുന്നവർ ജീവിതത്തിൽ നിന്നും അകലുമ്പോൾ ആരും മറിയയെപ്പോലെ കരഞ്ഞുപോകും. ആശ്വസിപ്പിക്കുവാൻ ഒരു ശബ്ദം ഉണ്ടാവുക എന്നത് കണ്ണുനീർ തുടയ്ക്കലാണ്.

ജോസഫ് റമ്പാൻ തുടരുന്നു.....

പ്രത്യാശാ ഭവൻ എനിക്ക് ഒരു ആശ്വാസമാണ്. അവരുടെ മുഖം കാണുന്നതിലധികം സന്തോഷം നൽകുന്ന മറ്റൊന്നില്ല. ആ പ്രസ്ഥാനം വളരണം, നമുക്ക് വളർത്തണം.

കർഷകനേപ്പോൽ ഗബ്രിയേൽ വിതച്ചു. (സുറിയാനി ഗീതം)

ക്രിസ്തുവിനുപോലും ഒരു കർഷകന്റെ മനസ്സാണ്. ദൈവരാജ്യത്തിന്റെ വിത്തുകൾ വിതച്ച്, കാത്തിരുന്ന്, കാടുകയറാതെ നോക്കുന്ന ഒരു കർഷകൻ. ദൈവത്തിന്റെ ദൂതനായ ഗബ്രിയേലിന് പോലും കർഷകന്റെ ഭാവമാണ് പിതാക്കന്മാർ നൽകിയിരിക്കുന്നത്. ദൈവത്തിന്റെ ദൂതന്മാർ അങ്ങനെയാണ്....

ജോസഫ് റമ്പാൻ തുടരുന്നു.....

ഓരോ തൂമ്പായും മണ്ണിൽ കുത്തുമ്പോഴും അത് എനിക്ക് ഒരു ധ്യാനമാണ്. ഞാൻ മനസ്സിൽ പ്രാർത്ഥിക്കും. ദൈവമേ പാപിയായ എന്നോട് കരുണ തോന്നേണമേ എന്ന്. വെറുതേയിരിക്കുമ്പോഴല്ലേ മറ്റു ചിന്തകൾ മനസ്സിൽ കടക്കുന്നത്. ഞാൻ പ്രാർത്ഥിച്ചുകൊണ്ടാണ് കിളയ്ക്കുന്നത്.

ഞാൻ അത്തിമരത്തോട് പറഞ്ഞു ദൈവത്തെക്കുറിച്ച് എന്നോട് പറയുക അപ്പോൾ അത്തിമരം പൂത്തു. (കസാൻദ്സാക്കിസ്)

വി. ബലി അർപ്പിക്കുന്നതാണ് എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം നൽകുന്ന സന്ദർഭം. മരണവീടുകൾ ഏറ്റവും ദുഃഖം നൽകുന്നതും. അവിടെ എനിക്ക് വാക്കുകൾ ലഭിക്കുകയില്ല. എന്റെ ഗുരു എന്നെ പഠിപ്പിച്ചത് ഒരിക്കലും കരയരുത്, ദൈവഹിതം എന്തോ അത് നിറവേറട്ടേയെന്നാണ്.

എല്ലാവർക്കും കൂടി കാണാവുന്ന ഒരു സ്വപ്നം ഉണ്ടാക്കിയെടുക്കുവാൻ നമുക്ക് എന്നാണ് കഴിയുക? എല്ലാവർക്കും കൂടി ചൊല്ലാവുന്ന ഒരു പ്രാർത്ഥന നമ്മൾ എന്നാണ് ചൊല്ലുക? (പെരുമ്പടവം ശ്രീധരൻ)

പ്രത്യാശാ ഭവന്റെ വളർച്ച എന്റെ സ്വപ്നമാണ്. കുഴിമറ്റത്ത് ഇവിടെ ഒരു ആശുപത്രി തുടങ്ങണമെന്ന് ഏറെ ആഗ്രഹിക്കുന്നതാണ്. ഡോക്ടറെ കിട്ടിയില്ല. സ്പോൺസർ ചെയ്യാമെന്ന് പറഞ്ഞ ആളുകളുണ്ട്. പക്ഷേ നിർഭാഗ്യവശാൽ അത് ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു.

റമ്പാൻ എന്നാൽ ഗുരു എന്നാണർത്ഥം. ഗുരു എന്നാൽ ഇരുളകറ്റുന്ന വ്യക്തി എന്നാണർത്ഥം. ഈ ദേശത്തിന്റെ ഇരുള് അകറ്റുവാൻ വന്ദ്യപിതാവിന് സാധിക്കട്ടേ!

തയ്യാറാക്കിയത്:

രാജ് ഫിലിപ്പ്,

അരുൺ മർക്കോസ്, ജിക്കു തോമസ്

പുസ്തകലോകം

മൗനത്തിന്റെ ലാവണ്യം

ഗ്രന്ഥകർത്താവ്: ഗീവർഗീസ് മാർ ഈവാനിയോസ്
പ്രസാധകർ: സി. എസ്. എസ്. തിരുവല്ല & ബസേലിയൻ ബുക്സ്, ഞാലിയാകുഴി
വില: 50 രൂപ

ആത്മശോധനയ്ക്കും അനുതാപത്തിനും ദൈവീകരണത്തിനും പ്രേരണ നൽകുന്ന ആത്മസ്പർശമുള്ള വാക്കുകൾ! ആഴത്തിൽ മനനം ചെയ്യാൻ പ്രേരിപ്പിക്കുന്ന മൗനത്തിന്റെ മൂശയിൽ വാർത്തെടുക്കപ്പെട്ട ചിന്തകൾ! പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയ്ക്ക് ഒരു ശ്രദ്ധേയമായ ആമുഖകുറിപ്പ്! അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ *''മൗനത്തിന്റെ ലാവണ്യം''*വായിക്കുന്നവർക്കൊക്കെ ആദ്യാവസാനം അനുഭവപ്പെടുന്നതിങ്ങനെയായിരിക്കും.

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവസ്വഭാവത്തിൽ അഥവാ ക്രിസ്തുവിന്റെ ഭാവത്തിലേക്ക് വളരുവാനുള്ള നിയോഗമുണ്ടെന്നുള്ളത് ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ മനുഷ്യനെ സംബന്ധിച്ചുള്ള വളരെ നിർണ്ണായകമായ ദർശനമാണല്ലോ. ദൈവത്തിന്റെ സഹായവും മനുഷ്യന്റെ ശ്രമവും സമന്വയിപ്പിച്ച് ഈ നിയോഗം പൂർത്തീകരിക്കുവാനുള്ള നിരന്തരമായ ആഹ്വാനവും പ്രചോദനവുമാണ് ഓരോ ക്രിസ്ത്യാനിയും സഭയിലൂടെ അനുദിനവിക്കുന്നത്. ശക്തമാകുന്ന സെക്കുലർ ചിന്താഗതികളും വർദ്ധിച്ചു വ്യാപിച്ചു വരുന്ന ഉപഭോഗസംസ്ക്കാരവും ഈ ആദ്ധ്യാത്മീക ദർശനത്തിന് വളരെയധികം മങ്ങലേല്പിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വീണ്ടുമതിന്റെ ദർശനശോഭ കൂടുതൽ തെളിയിച്ച് മനുഷ്യനെ പൂർണ്ണതയിലേക്കു വഴി നയിക്കുവാനുള്ള ശ്രമമാണ് ഈ ധ്യാനപഠനങ്ങളിലൂടെ നടക്കുന്നത്. **– ജോർജിയൻ ടീം**



St. George Chicken Corner
Kuzhimattom (Near Nellickal)
ഓർഡർ അനുസരിച്ച് മൊത്തമായും
ചില്ലറയായും ഡ്രസ് ചെയ്തു കൊടുക്കപ്പെടും.
Ph: 0481- 2331325
Prop: Thampi

ഉപകാരസ്മരണ

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

– ഒരു വിശ്വാസി

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

– ഒരു വിശ്വാസി

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

– ഒരു വിശ്വാസി

വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങുപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

– ടിൻസി സൂസൻ ഏബ്രഹാം കണിയാംപറമ്പിൽ

നവദമ്പതികൾക്ക് ആശംസകൾ

പട്ടശ്ശേരിൽ പടിഞ്ഞാറെപ്പറമ്പിൽ മാത്യു കുര്യന്റെയും ഏലിയാമ്മ മാത്യുവിന്റെയും മകൾ **ലീനാ മാത്യുവും** കീഴില്ലം കോട്ടുകുഴിയിൽ പൗലോസിന്റെയും ഏലിയാമ്മയുടെയും മകൻ **എൽദോസും.**



പട്ടശ്ശേരിൽ വാഴച്ചിറ വി. എ. ആൻഡ്രൂസിന്റെയും സാലമ്മയുടെയും മകൻ **ബോബിൻ ആൻഡ്രൂസും (സിബിച്ചൻ)** മുംബൈ താനേ ചക്കാലയ്ക്കൽ വീട്ടിൽ എ. സി. ഫ്രാൻസീസിന്റെയും മോളിയുടെയും മകൾ **ഫ്രാൻസിസ്ക്കാ അലോഷ്യസും (ഫ്രെനി)**

വെട്ടുകുഴിയിൽ കുറിയാക്കോസ് കുറിയാക്കോസിന്റെയും മറിയാമ്മയുടെയും മകൻ **ജോബിൻ കുറിയാക്കോസും** പാമ്പാടി വെള്ളാപ്പള്ളിയിൽ പരേതനായ വി. എ. വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകൾ **ജോമോളും.**

കുന്നേൽ പരേതരായ കെ. പി. തോമസിന്റെയും ഏലിയാമ്മ തോമസിന്റെയും മകൾ **ഷീന കെ. തോമസും** പുതുപ്പള്ളി കൊച്ചുചാഴിവലത്ത് കെ. കെ. തോമസിന്റെയും സൂസമ്മ തോമസിന്റെയും മകൻ **കുര്യൻ തോമസും (ബിജു)**

വയലാറ്റ് വി. സി. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകൾ **ദീപാ തോമസും** ബുധനൂർ കാഞ്ഞിരവേലിൽ ജോസഫ് ജോർജിന്റെയും മറിയാമ്മ ജോസഫിന്റെയും മകൻ **ജോർജ് ജോസഫും**



പട്ടശ്ശേരിൽ ഏബ്രഹാം കുര്യന്റെയും ലീല ഏബ്രഹാമിന്റെയും മകൾ ലിന്റാ ഏബ്രഹാമും മാലിഫറ പുതുക്കയിൽ ഫാ. പി. എസ്. കുര്യന്റെയും മേരിയുടെയും മകൻ അജേഷും.

വയലാറ്റ് വി. പി. തോമസിന്റെയും മോളി തോമസിന്റെയും മകൾ **റ്റിൻസി തോമസും** കുറിച്ചി പല്ലാട്ടു തറയിൽ പി. എം. വർക്കിയുടെയും പരേതയായ റെയ്ച്ചൽ വർഗ്ഗീസിന്റെയും മകൻ **സോജി പി. വർക്കിയും**.

നീലഞ്ചിറമറ്റത്തിൽ എം. പി. രാജുവിന്റെയും മറിയാമ്മ രാജുവിന്റെയും മകൾ **അനുമോൾ രാജുവും** കല്ലിശ്ശേരി പാറേമഠത്തിൽ പുത്തൻവീട്ടിൽ ഉമ്മൻ വർഗീസിന്റെയും ചിന്നമ്മ വർഗീസിന്റെയും മകൻ **ബ്ലസ്സൻ വർഗീസും**

കാഞ്ഞിരത്തിൻമൂട്ടിൽ കെ. കെ. കുര്യന്റെയും മറിയാമ്മ കുര്യന്റെയും മകൻ **ഷോബിൻ കെ. കുര്യനും** (യുവജനപ്രസ്ഥാനം മുൻ സെക്രട്ടറി) കുറ്റൂർ പാണ്ടിശ്ശേരിൽ പി. ഐ. ചെറിയാന്റെയും അക്കാമ്മ ചെറിയാന്റെയും മകൾ **അനിത പി. ചെറിയാനും** **– യുവജനപ്രസ്ഥാനാംഗങ്ങൾ**

Printed and Published by Fr. A. V. Varghese, President St. George Youth Movement, Kuzhimattom. Editor: Renju K. Mathew, Karottu Puthenpurackal, Kuzhimattom P. O. Mob: 9447161156
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697